**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4708** **19-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ ഉപ്പുവെള്ളം കയറിയ സാഹചര്യത്തിലും കുടിവെള്ള ലഭ്യത കുറഞ്ഞ സാഹചര്യത്തിലും ബുദ്ധിമുട്ടുന്ന കുട്ടനാടൻ ജനതയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് നിയോജക മണ്ഡലത്തിലെ 13 പഞ്ചായത്തുകളിൽ കാവാലം, പുളിങ്കുന്ന് ഒഴികെയുള്ള പഞ്ചായത്തുകളിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ മുഖേന കുടിവെള്ള കണക്ഷനുകളിൽ ജലവിതരണം സാധ്യമാക്കുന്നുണ്ട്. കുടിവെള്ള കണക്ഷനുകൾ ഇല്ലാത്ത മേഖലകളിലേക്ക് പഞ്ചായത്തുകൾക്ക് ടാങ്കർ സപ്ലൈ നടത്തുന്നതിനാവശ്യമായ വെൻഡിങ് പോയിന്റുകൾ പള്ളാത്തുരുത്തി ട്യൂബ് വെൽ പമ്പ്ഹൗസ്, കിടങ്ങറ (OHSR) ഓഫീസ്, നീരേറ്റുപുറം ജലശുദ്ധീകരണശാല എന്നിവിടങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഈ വെൻഡിങ് പോയിന്റുകളിൽ നിന്നും പഞ്ചായത്തുകൾക്ക് ജലം ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്ക് വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി 9 പാക്കേജുകളായി നടപ്പാക്കിവരുന്നു. കൂടാതെ ജൽ ജീവൻ മിഷൻ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കുട്ടനാട് താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ വാട്ടർ കണക്ഷൻ നൽകുന്ന പ്രവർത്തികളും നടന്നു വരുന്നു. കിഫ്ബി പദ്ധതിയുടെ പൂർത്തീകരണത്തോടുകൂടി മാത്രമേ ജൽ ജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളു. |
| (ബി) | കുട്ടനാടിന്റെ വിവിധ മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ, ടാങ്കർ വാട്ടർ സപ്ലൈ, താത്കാലിക തടയണകളുടെ നിർമാണം പോലുള്ള പ്രവൃത്തികൾ വരൾച്ച ലഘൂകരണത്തിനു വേണ്ടി സ്വീകരിക്കാറുണ്ട്. ജില്ലാ അധികാരി, ജില്ലാ ജലശുചിത്വ മിഷൻ ചെയർമാൻ, ദുരന്ത നിവാരണ അതോറിറ്റി എന്നീ നിലകളിൽ കളക്ടറുമായി സംയോജിച്ച് ആണ് ടി പ്രവർത്തികൾ നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നത്. നിലവിൽ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ സജ്ജമാക്കിയിട്ടില്ല. ആവശ്യമെന്നു കാണുന്ന പക്ഷം ആയത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ